കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

269(2738) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ പ്രധാനപ്പെട്ടവ എന്തൊക്കെയാണ്;

(ബി) വിവിധ ആവശ്യങ്ങളുന്നയിച്ച് കൊല്ലം കളക്ടറേറ്റിന് മുമ്പിൽ കശുവണ്ടി തൊഴിലാളികൾ നടത്തിവന്ന സമരം ഒത്തുതീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി വികസന കോർപ്പറേഷനു കീഴിലുള്ള ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ തൊഴിൽ വകുപ്പ് മുൻകൈ എടുത്തിട്ടുണ്ടോ; നടപ്പു വർഷം പ്രസ്തുത ഫാക്ടറികൾ എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾ ഇപ്പോൾ നേരിടുന്ന മുഖ്യമായ പ്രശ്നം തൊഴിലില്ലായ്മയാണ്. തോട്ടണ്ടിയുടെ ലഭ്യതക്കുറവുമൂലം ചില കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലഭ്യതയ്ക്കനുസരിച്ചാണ് കേരളത്തിലെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ആഗോള കമ്പോള വിലയിൽ തോട്ടണ്ടിക്കുണ്ടായ വിലവർദ്ധനവ് കേരളത്തിലെ കശുവണ്ടി വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി സംസ്കരണത്തിൽ ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് കശുവണ്ടി വ്യവസായം മാറ്റി സ്ഥാപിക്കുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ സമരം തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-12-2015-ന് ചേർന്ന യോഗത്തിൽ വച്ച് സമരം താല്കാലികമായി പിൻവലിച്ചു. തുടർ ചർച്ചകൾ നടന്നുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly